STANDING FINANCE COMMITTEE.

Mr. K. A. Mathew
Mr. T. P. Velayudhan Pillai.

PUBLIC ACCOUNTS COMMITTEE.

Mr. P. S. Nataraja Pillai
Mr. P. K. Kuriakose.

COMMITTEE OF PRIVILEGES.

Mr. Kadakkavoor P. Madhavan
Mr. K. K. Chellappan Pillai
Mr. P. S. Mahomed
Mr. Chazhikattu Joseph.

Order, order. As this is the last day on which this honourable House is sitting, I think it is but appropriate to make this announcement. Government have just now received various tenders for toll-gate contracts. Government have been, for some months past, bestowing attention on the whole question of toll-gates and toll-gate contracts. They have now arrived at the conclusion that all tolls may be abolished and that it may be substituted by a tax on the vehicles, on the lines pursued generally in British India and elsewhere, especially approximating to the Madras rates. The present idea is to fix the rates at 75 per cent. of the Madras rates. Therefore the tenders will not be accepted. Before the beginning of the new year, the new regulation will come into force.

There are subsidiary questions involving the municipalities and the levy of tolls by the municipalities. They are under a separate Act, but nevertheless, tolls in municipal areas will also be abolished, the question of any compensation to be claimed and given to the municipalities being considered on the merits of each case. I thought that before this honourable House is adjourned, they might know the decision of Government.

DISCUSSION ON THE REPORT OF THE EDUCATION RE-ORGANISATION COMMITTEE—(*contd.*)

MR. V. SRIDHARAN PILLAI (*Kalkulam cum Vilavancode*): In supporting the resolution of Mr. Menon, yesterday I invited the attention of the honourable House to a request made by the All-Travancore Private School Teachers' Association. As the ruling from the Chair stands at present, I am not permitted to mention.....

PRESIDENT: Order, order. The honourable member will kindly speak up.

MR. V. SRIDHARAN PILLAI: As I am not allowed to read the representation, in pursuance of the ruling from Chair, I may be permitted to read the relevant portion with special emphasis.....

PRESIDENT: What is that ruling from the Chair?

MR. V. SRIDHARAN PILLAI: I am not permitted to refer.

PRESIDENT: What is the document which the honourable member wants to read from?

LIBRARY ARCHIVES Kerala Legislative Assembly

MR. V. SRIDHARAN PILLAI: It is a representation given by the All-Travancore Private School Teachers' Association addressed to the members of this House.

PRESIDENT: Have all the members got a copy?

MR. V. SRIDHARAN PILLAI: Yes.

PRESIDENT: Then why should it be read, unless all the other members are anxious that it should be read? The ruling from the Chair only arises with reference to the documents which are not available to all the members of the House. If all the honourable members have got a copy, then the honourable member will get the leave of the Chair to refer to portions of it and then I will be able to give a ruling on that basis.

MR. V. SRIDHARAN PILLAI: I want to read the memorandum.....

PRESIDENT: If consistently with the time limit the honourable member can read the whole of it, he may do so.

MR. V. SRIDHARAN PILLAI: I do not want to do so. But one of the honourable members here raised objection to my referring to certain portions of it.....

PRESIDENT: Probably the honourable member had not a copy and thought that others too had no copies with them

MR. V. SRIDHARAN PILLAI: I will read just a passage. That Association requests the members of this Assembly to see that all the private schools are absorbed by Government. They say :—

"പ്രൈമറി വിദ്യാലയങ്ങൾ ഗവണ്മെന്റ് ഏറ്റെടുക്കേണ്ടതാകുന്നു."

Sir, this was the request made by all the teachers of the Primary Schools and so my submission is that there is a well-founded grievance for the teachers of the aided schools as is evident from their representations to the members of this Assembly. When facts are these, when they are dissatisfied with the managements, it is in the interest of the State that all those institutions in which dissatisfied staff is working should be absorbed by Government.

My next point is this.

MR. CHAZHIKATTU JOSEPH (*Meenachil cum Thodupuha*): മാന്യൻ മെമ്പറിനെ സംബന്ധിച്ചു തൃപ്തിയില്ലാത്ത അദ്ധ്യാപകന്മാർ നിശ്ചയം പാസ്സാക്കിയിരിക്കുന്നു. അതിനെപ്പറ്റി നാം സംസാരിക്കുമ്പോൾ മാനേജറന്മാർക്കു എന്താണു പറയാനുള്ളതെന്നു എതിർഭാഗത്തുകൂടി കേൾക്കേണ്ട ആവശ്യമില്ലയോ?

MR. V. SRIDHARAN PILLAI: My submission any how is this: All the teachers of the managements are dissatisfied with the present working and where is the occassion to call the Managers and their staff

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. Sridharan Pillai.]

to dispose of this grievance. The best thing would be that if a dissatisfied staff is working under a particular management and it is evident to us that there is dissatisfaction we have to act upon the report and request Government to absorb all such schools forthwith. How does the managements suffer by absorption. Then, Sir, in regard to the absorption of these schools, I know personally that some of the schools under private managements are not at all satisfactory. I will be able to quote many instances of that in spite of the vehement opposition from some honourable members of the house that mismanagement is rampant in some of the aided schools if not all. I admit that there are many schools under private managements, well conducted schools, and an equally large number of aided schools that are ill-managed. Though I will be able to give a large number of instances of mismanaged ones, I shall give one instance which came to my notice a few weeks back. The Headmaster of a school came to meet me 3 weeks ago and for 5 consecutive working days he wanted to see me. He has been attending my office because one of his relations is a client of mine. I asked him why he did not go to school. His answer was that there were no students in the school. Then I asked him as to how he would escape the notice of the Inspector. He said that the school is 2 or 3 miles off and that if the Inspector wanted to visit that institution he would write to him in advance and then only make any inspection. Therefore my opinion is that many of the managements are existing not for the interest of the boys, or Government or the State as a whole but for the teachers. When the teachers are entirely dissatisfied with managements, my opinion is that in the interest of the State education should be nationalised.

MR. P. O. THOMAS: May I know the percentage of such schools?

MR. V. SRIDHARAN PILLAI: There are nearly 2000 aided institutions and not less than 50 per cent. of them are ill-managed. If my friend wants to verify my statement, if he is prepared to come with me I shall show not less than 3 or 4 dozen schools where the attendance of students is negligible. That is the position of schools in my constituency.

MR. P. O. THOMAS: Am I to take it that he makes such a statement as a result of the enquiry made by him.

MR. V. SRIDHARAN PILLAI: That is my honest impression and opinion as a result of my personal enquiry. The attendance of boys in the aided schools is very small and negligible.

Sir, Mr. Nesamoni yesterday submitted on the floor of the House that Travancore should be indebted to the missionaries for the education of the State and that they have been spending money for educating the children of the State. Mr. Chazhikkattu Joseph also said that we are ungrateful to those institutions which have educated us. Sir, for that statement of theirs, I should say that the education must be nationalised as a demonstration of ingratitude towards those people. Sir, if that is the case, I would say that it is high time for us to

LIBRARY ARCHIVES Kerala Legislative Assembly

request Government to take all those schools by the State, because we do not want to place ourselves under any more indebtedness to the missionaries. Sir, my point is, why should we be indebted, why should Travancore Government be indebted to the missionary any more ; I ask why should that indebtedness be allowed to continue?

MR. A. NESAMONY (*Kalkulam* cum *Vilavancode*) : Does the honourable member now concede that the missionaries are prepared to surrender their schools in favour of Government?

MR. V. SRIDHARAN PILLAI : Yes. Sir, now only he says that. Yesterday, he felt irritated and provoked.

As a consequence of that he said that the missionaries were prepared to surrender all the primary schools, then Middle schools then High Schools and so on and so forth. It was more like a protest he said so. That was the kind of attitude yesterday. If his view is that much, I ask my friend why he did not vote for the resolution.

MR. A. NESAMONY : On a point of order. I just want to make it clear to the House that I was neither provoked nor irritated nor upset by any statement that was made on the floor of the House yesterday.

PRESIDENT : The mental and psychological attitude of the honourable member is not a matter for the Chair to decide. Now one honourable member says that the attitude of another honourable member was that he was either provoked or irritated. Now that honourable member denies such an attitude. How is the Chair to decide that? After all, such kinds of opinion do not carry the argument.

MR. V. SRIDHARAN PILLAI : But I am bound to make it clear to the House, the impression created by his speech in my mind.

PRESIDENT : Is that very germane to the point at issue? Whether Mr. Nesamony's temper was frayed or not is not at all the question before us. So, the honourable member will proceed to the merits of the question.

MR. V. SRIDHARAN PILLAI : Sir, however that be, that much was the impression created in me. So, I am bound to answer that. So I say that these primary schools should be absorbed by the State. With regard to the surrender of the other schools as a whole, let them do it. If Travancore Government is indebted to the missionaries, the Hindus and other communities are also indebted to them. If that is his view, that is the very reason why I emphatically say that we do not want to allow this indebtedness to continue. Let him vote for this resolution namely that the Government should absorb all the private schools. Let us all arrive at an unanimous conclusion that the Government should take control of these primary schools. Without causing any more bad blood, without any further discussion on the resolution I ask Mr. Nesamony to give his solid support to the present resolution.

MR. A. NESAMONY : Does the honourable member remember that I supported the resolution moved by Mr. Balakrishna Menon?

LIBRARY ARCHIVES Kerala Legislative Assembly

MR. V. SRIDHARAN PILLAI: One could now understand the position taken up by the honourable member. But so long as he refrained from saying that view yesterday, so long as he demonstrated an attitude of protest yesterday, so long then, I was bound to express my honest opinion.

PRESIDENT: Order, order. There are 19 honourable members who have evinced their determination to speak on this resolution. I am going to give chance to as many honourable members as possible to intervene in this debate for they have considered their resolution as a very important one. Government are also of that opinion. But the time of the honourable member is spent in discussing the mental attitude of the other honourable member and the psychology behind it. It is no contribution to the debate. The honourable member may bear this in mind and proceed.

MR. V. SRIDHARAN PILLAI: However, Sir, there is another serious allegation from the honourable member Mr. Nesamony that we show a sort of ingratitude to the missionaries. Mr. Chazhikattu Joseph also said that. Sir, if that is so, I ask in all earnestness why should not this system be changed for that very statement.

PRESIDENT: Where does the question of gratitude or ingratitude arise?

MR. V. SRIDHARAN PILLAI: Unfortunately it arises and that is my honest impression.

PRESIDENT: Gratitude is the expression of feeling for the favour of one party to another; let there be no more cynicism about that.

MR. V. SREEDHARAN PILLAI: But unfortunately the point that I want to urge is—

PRESIDENT: Order, order. There is absolutely no doubt that so far as education in the whole of India is concerned and especially in Travancore, the State owes a great deal to the pioneering enterprise of missionaries who, at a time when the other communities were not alive to their responsibilities and obligations, for some reason or other, whether for commerce or for spreading the light of the Gospel or for humanitarian considerations, took up this most important piece of work. That gratitude is there, and no amount of talk in this House can annul that gratitude which is due to them. When gratitude is due to the members of the Society of Jesus or the Salvation Army and similar others for the wonderful work which was sadly neglected by the local people there is no need to undermine that. The organisations of leper hospitals and other institutions of a philanthropic character are instances in point so far as the good work of the missionaries goes. But what we are now faced with is not the measure or what may be called the mensuration of the gratitude for what was done in the past but the formulation of policy for the future. Gratitude may play some part but it is really beside the point. The real question is which is the most efficient and worthwhile system for the future—The question of gratitude therefore is really irrelevant.

LIBRARY ARCHIVES Kerala Legislative Assembly

MR. V. SRIDHARAN PILLAI: Sir, though it is certainly irrelevant, there is unfortunately that accusation by an honourable member that we are ungrateful to a certain section of the community who showed favour to us. I think it is my duty to answer that issue. Sir, if the favour conferred by a pioneer enterprise is real, gratitude must be equally real.

PRESIDENT: Order, order. All this takes us nowhere. There is no point in one party claiming and the other party giving. The question of gratitude does not at all arise.

MR. V. SRIDHARAN PILLAI: Sir, my point is only this. If really a favour has been done by one party, we should be grateful to that. I will be ble to show that the gratitude must be the other way round. We are not to be grateful to the missionaries. It is the missiondry who ought to be grateful to us. I will prove that by concrete figures. Sir, the Government of Travancore spends Rs. 12 lakhs or so as grant for education purposes. A major portion of this goes to one particular community and it is that community which comes and says now that the people and the Government should be grateful to them. I seriously ask the question, should not the missionaries be grateful to the other communities who sat looking silently when money was distributed to that section of the people alone.

MR. CHAZHIKATTU JOSEPH: ഗ്രാന്റ് കൊടുത്തിട്ടുള്ള സംഖ്യ ഒരു പ്രത്യേക സമുദായം ഇക്കാര്യത്തിനു ചെലവാക്കിട്ടുള്ള തുകയുടെ ഒരു വീതം മാത്രമല്ലേ, അതെന്നുള്ള ? മാത്രമല്ല, ഈ ഗ്രാന്റ് എല്ലാ സമുദായക്കാക്കും ലഭിക്കുന്നില്ലേ ?

MR. V. SRIDHARAN PILLAI: It can never be. Sir, out of over 3000 teachers in all the schools over 2000 are Christians. I am strong on the point that the grants given by Government materially benifit the Christians and not the other communities.

MR. CHAZHIKATTU JOSEPH: അവർ അദ്ധ്യാപകജോലി ചെയ്യുവാൻ യോഗ്യരാണോ കൊടുക്കുന്നത് ?

MR. V. SRIDHARAN PILLAI: Then, I ask why should the principle of communal representation be allowed and insisted upon in Government service. I seriously ask the question, if a sum of Rs. 10 lakhs is to be given from the general revenues, why not a reasonably proportionate amount be given to other communities as well in the matter of spreading education.

(Mr. Chazhikattu Joseph stood up)

MR. A. NESAMONY: Sir, may I ask, how many non-Christian members are being educated in all such schools?

MR. CHAZHIKATTU JOSEPH: That was the very question I to wanted to put. (*Laughter.*)

PRESIDENT: Order, order.

LIBRARY ARCHIVES Kerala Legislative Assembly

MR. V. SRIDHARAN PILLAI: May I answer that?

PRESIDENT: Order, order. What I say now is this: Assuming there are only two hypotheses possible, either the missionary and aided institutions which have come into existence have done good work or they have not. It is common knowledge that they have done good work. That question need not be discussed. The question at issue is simply one for future and it is this. At this stage I think, I should not keep it back. If the report of the Education Reorganisation Committee is accepted, they say that 75 per cent of the money should be met by Government towards the salaries of teachers of aided institutions. If Government can afford to pay 75 per cent. it surely can afford to pay even 100 per cent. If so, should it be paid to other institutions for purposes of entertainment of teachers according to their own laws or should the Government entertain the teachers and run the department as a Government institution. That is the only question, now before the House. All other questions are irrelevant. The honourable member may now proceed.

MR. V. SRIDHARAN PILLAI: Sir, that is exactly my point too. Unfortunately, the discussion of yesterday had driven me to answer those points. Sir, as I submitted there is a cry that the salary of the school teachers and grants-in-aid to schools should be increased and the Government now propose to pay 75 per cent. of the pay of the teachers. As the Chair stated a little while ago, if 75 per cent. can be given from the general revenues, why not, cent per cent. is the question put to us.

Then there will be some difficulty in the working. The finances of the State at present may not permit to absorb all the primary schools to be directly conducted by the department. There will be another difficulty regarding school buildings. I can positively say that the three High School buildings in my constituency have been constructed with not less than 95 per cent of contribution from non-Christians. I have been working in these Committees and I know the details well. If 95 per cent. of the amount for the construction of these three High Schools in my constituency can be contributed by the public, why not all the schools in the State be constructed by the public. If the Government pass an order to-day I can say that all the buildings required for the schools in my constituency can be constructed by public contribution. I am bold enough to say that. If we could manage to construct at our cost three high schools and two other schools in the past why not do it in five or ten years. Why should 75 per cent. or Rs. 60 or Rs. 70 lakhs be given to one particular community and then call ungrateful. We cannot put up with that.

MR. K. A. MATHEW: May I know what community he means?

MR. V. SRIDHARAN PILLAI: I mean the Christians.

MR. K. A. MATHEW: Are there not schools conducted by non-Christians?

MR. V. SRIDHARAN PILLAI: Equally so.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKATTU JOSEPH: May I know whether Government denied opportunities to any other community than Christians for opening schools?

MR. V. SRIDHARAN PILLAI: But the opposition unfortunately came from Christians.

PRESIDENT: We are now getting into far unnecessary communal questions. I hope the honourable member will not persist in it.

MR. V. SRIDHARAN PILLAI: I was forced to say all these things because emphasis was made on the missionary work yesterday evening. Otherwise I would not have said anything about it on the floor of the House. What I want to invite to the attention of the House is that every cash spent by the Government should be equitably distributed to all the communities and all religious, as we divide Government offices.

MR. PULIYOOR T. P. VELAYUDHAN PILLAI: തിരുവിതാംകൂറിൽ ഉള്ള എല്ലാ ഗ്രാൻറ്-ഇൻ-എയിഡ് പ്രൈമറി വിദ്യാലയങ്ങളും ഗവണ്മെൻറിന്റെ കൺട്രോളിൽ ഏറ്റെടുക്കണമെന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി ഈ സഭയിൽ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വം എന്താണെന്നു വേണം നാം, ആദ്യമായി ചിന്തിക്കേണ്ടതു്. പൊതുവിദ്യാഭ്യാസത്തിന്റെ ക്രമപ്രവൃദ്ധമായ ഉൽകർഷത്തിനും സുഖസൗകര്യത്തിനുമായി ഏറ്റവും പ്രധാനമായ കാര്യങ്ങളിലൊന്നും നാഷണലൈസേഷൻ എന്നുള്ള തത്വം സ്വീകരിച്ചു; അതു് ഗവണ്മെൻറിൽ നിന്നും ഏറ്റെടുത്തു് പ്രായോഗികമാക്കേണ്ടതു് ഏറ്റവും ശ്രേഷ്ഠമായ ഒന്നാണെന്നു് എല്ലാ രാഷ്ട്രീയചിന്തകന്മാരും ദേശാഭിമാനികളും സമ്മതിക്കുമെന്നാണു് എന്റെ വിനീതമായ അഭിപ്രായം. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ഈ പ്രമേയം ഈ സഭയുടെ ഐകകണ്ഠ്യേനയുള്ള അംഗീകാരത്തിനു തികച്ചും അർഹമാകുന്നതാണു്. രണ്ടാമതായി പ്രസ്താവിക്കുവാനുള്ളതു് ഈ പ്രമേയം സ്വീകരിച്ചു് അതു് പ്രായോഗികമാക്കുന്നപക്ഷം തിരുവിതാംകൂറിൽ വളരെ സങ്കടാവസ്ഥയിൽ കഴിഞ്ഞുകൂടുന്ന പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ കുടുംബങ്ങളെ നാം സംരക്ഷിക്കുകയായിരിക്കും ചെയ്യുന്നതു്.

സർ, ഈ റിപ്പോർട്ടിൽ അനുബന്ധം ർ ആയി കാണിച്ചിട്ടുള്ള രേഖയിൽ നിന്നു് ൊ ോ വ മെയിൽ ടീച്ചേഴ്സും ഹസർസ ഫാമെയിൽ ടീച്ചേഴ്സും ആയി ആകെ ൻവ ഉർ പ്രൈമറി സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Valayudhan Pillai.]

ടീച്ചേഴ്സ് ഉണ്ട് എന്ന കാണുന്നു. ഇതിനും പുറമെ നാം ഇപ്പോൾ ശുപാർശ ചെയ്യുന്ന ആ പദ്ധതി—നിർബന്ധിത വിദ്യാഭ്യാസം—ഗവണ്മെൻറിൽ നിന്നും സ്വീകരിച്ച് സമയം നടപ്പിൽ വരുത്തുന്നപക്ഷം വ ഉം ടീച്ചേഴ്സുകൂടി ആവശ്യമാണെന്നു കാണാം. ഇതുപോലെ അദ്ധ്യാപകന്മാർ സാമ്പത്തികമായി വളരെ ഞെരുക്കത്തിൽ ആണ് കഴിഞ്ഞുകൂടുന്നതു്. ഈ കാര്യം ഈ സഭയിൽ അനേകകാലമായി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രസ്താവനകളിൽ നിന്നും വിശദമാകുന്നുണ്ട്.

സർ, ഈ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരെ ഏൽപിക്കുന്ന ജോലി വളരെ ഭാരമുള്ള ഒന്നാണ്. അതു രാജ്യരക്ഷാമത്തിനു് അത്യന്താപേക്ഷിതമായ ഒന്നാണെന്നതാണും. അഞ്ചു വയസ്സു മുതൽ പത്തു വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ജീവിതം പരിപൂർണ്ണമായി നാം ഈ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരെയാണ് ഏൽപിക്കുന്നതു്. അതിന് ശേഷം കുട്ടികൾക്കുവിവേചനശക്തി ഉണ്ടാകുന്നതിനു സാമാന്യമായ അറിവു് അവർക്കുണ്ടാകുമെങ്കിലും സാധാരണ ഈ കാലഘട്ടത്തിലാണു കുട്ടികളുടെ സ്വഭാവം രൂപവൽക്കരിക്കപ്പെടുന്നതു്. ഈ കാലങ്ങളിൽ അദ്ധ്യയനം നടത്തുന്ന അദ്ധ്യാപകന്മാർ കായികമതയിലും സ്വഭാവശുദ്ധിയിലും സംതൃപ്തിയിലും ഉത്തമമായ നിലയിൽ ഇരിക്കണമെന്നുള്ളതു് അത്യാവശ്യമാണു്. ഇങ്ങനെയുള്ള അദ്ധ്യാപകന്മാരെ നമുക്കു ലഭിക്കണമെങ്കിൽ അവരുടെ ശമ്പളം അതിനനുസരണമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ നായർ സർവീസ് സൊസൈറ്റിയിലെ ഒരു പ്രവർത്തകൻ എന്ന നിലയിലും ഒരു പ്രൈവറ്റു സ്കൂൾ മാനേജർ എന്നുള്ള നിലയിലും പല മാനേജുമെൻറുകളും നടത്തിവരുന്ന പ്രൈവറ്റു സ്കൂളുകളിലെ അദ്ധ്യാപകന്മാർ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ അവർണ്ണനീയങ്ങളാണെന്നു എനിക്കു ധൈര്യമായി പറയുവാൻ കഴിയും. ഇപ്പോൾ ഓരോ ക്ലാസ്സിനും ഗവണ്മെൻറിൽനിന്നും പ്രതിമാസം വ രൂപാവീതം ഗ്രാൻറു് അനുവദിച്ചിട്ടുണ്ടു്. ഗ്രാൻറു് കൊടുക്കുന്നതിൽ ആദ്യകാലത്തു് അനുവദിച്ചിരുന്ന തുകയും ഒരു രൂപയ്ക്കു വ അണ ഗവണ്മെൻറിൽ നിന്നും നഷ്ടമെന്നായിരുന്നു. അപ്പോൾ വ രൂപാ ഗ്രാൻറു് നഷ്ടപ്പെടുത്തുന്നുവെന്നുദ്ദേശിച്ചതു് ഒരു അദ്ധ്യാപകനു് ഇന്നു രൂപാ ശമ്പളം കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. എന്നാൽ ഇപ്പോൾ ഗവണ്മെൻറിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന ഗ്രാന്റ് മാത്രമേ ശരിയായി നടത്തുന്ന മാനേജ്മെന്റുകളിലുള്ള അദ്ധ്യാപകന്മാർക്കുപോലും കിട്ടുന്നുള്ളു. ബ്രിട്ടീഷ് ഇൻഡ്യയിലെ റിപ്പോർട്ട് നോക്കിയാലും, ഇപ്പോൾ അലോചനാവിഷയമായിരിക്കുന്ന റിപ്പോർട്ട് നോക്കിയാലും, സ്റ്റാത്താം കമ്മിറ്റി റിപ്പോർട്ട് നോക്കിയാലും ഒരു കാര്യം വിശദമാകുന്നുണ്ട്. പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവണ്മെന്റിൽനിന്നും കൊടുക്കുന്ന ഗ്രാന്റുപോലും പലപ്പോഴും അവർക്ക് യഥാർത്ഥമായി കിട്ടിവരുന്നില്ല എന്ന പരാതി ഉണ്ടെന്ന് ഈ റിപ്പോർട്ടുകളിൽ നിന്നും കാണാം.

ഇപ്പോൾതന്നെയുള്ള 8000 അദ്ധ്യാപകന്മാരെയും ഗവണ്മെന്റ് സർവ്വീസിൽ എടുക്കുക എന്നതു് അത്രയും കുടുംബങ്ങളോടു് നാം ചെയ്യുന്ന ഒരു അനുഗ്രഹമാണു്. ഇവരുടെ രക്ഷയെക്കുടി കരുതി നോക്കിയാലും പ്രൈവറ്റ് സ്കൂളുകളും എല്ലാം ഗവണ്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഏറ്റെടുക്കണമെന്നു് അത്യാവശ്യമാണു്. ഈ പ്രൈമറി സ്കൂളുകൾ അധികവും ഇപ്പോൾ നടത്തിവരുന്നതു് ഡിപ്പാർട്ടുമെന്റിന്റേയും ഗവണ്മെന്റിന്റേയും മനോഭാവം കൊണ്ടു് മാത്രമാണു്. ഈ വിഷയത്തിൽ ഗവണ്മെന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ ശുഷ്കാന്തിയോടുകുടി പാലിക്കണമെന്നു് ഡിപ്പാർട്ടുമെന്റു് വിചാരിച്ചാൽ ഇപ്പോൾ ഉള്ള പലേ പ്രൈമറി സ്കൂളുകളും നിറുത്തേണ്ടിവരും എന്നുള്ളതു് എനിക്കു് ധൈര്യമായി പറയുവാൻ കഴിയും. അതുകൊണ്ടാണു് ഗവണ്മെന്റിന്റേയും ഡിപ്പാർട്ടുമെന്റിന്റേയും ദയകൊണ്ടു മാത്രമാണു് ഇപ്പോൾ ഉള്ള ഭൂരിപക്ഷം പ്രൈവറ്റ് സ്കൂളുകളും നടക്കുന്നതു് എന്നു ഞാൻ പറഞ്ഞതു്. ഇന്നു തിരുവിതാംകൂറിലുള്ള പ്രൈമറിസ്കൂളുകളിൽ എത്രയെണ്ണത്തിനു് പ്ലേഗ്രൗണ്ടു് ഉണ്ടെന്നു് ഞാൻ ചോദിച്ചുകൊള്ളുന്നു. എത്ര പ്രൈമറി സ്കൂളുകൾക്കു് ലൈബ്രറി സിസ്റ്റം ഉണ്ടു്? എത്ര പ്രൈമറി സ്കൂളുകളിൽ ആ വിധത്തിൽ വേണ്ടതു കെട്ടിടങ്ങളും മറ്റു സാധനസാമഗ്രികളും ഉണ്ടു് എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

MR. K. T. MICHAEL : ഇതൊക്കെ എല്ലാ ഗവണ്മെന്റു് പ്രൈമറി സ്കൂളുകളിലും ഉണ്ടോ?

MR. PULIYOOR T. P. VELAYUDHAN PILLAI : ഗവണ്മെന്റു് പ്രൈമറി സ്കൂളുകളെ സംബന്ധിച്ചിടത്തോളം കെട്ടിടങ്ങളും സാധനസാമഗ്രികളുമെങ്കിലും കാണ്മാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : രണ്ടു തൊറു ക്ലാസിയാൽ ഒരു ശരിയാകുമോ ?

PULIYOOR T. P. VELAYUDHAN PILLAI : ഒരിക്കലും ആവുകയില്ല.

സർ, ഒരു രാജ്യത്തിന്റെ ഭാവിപൗരന്മാർ ആയി തീരേണ്ട വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിന് ഉത്തമന്മാരായ അദ്ധ്യാപകന്മാരെക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. അതു സ്റ്റേറ്റിന്റെ ഐശ്വര്യത്തിനും അഭിവൃദ്ധിയ്ക്കും അത്യന്താപേക്ഷിതമാണെന്നതാണ്. അതുകൊണ്ടു പ്രൈമറിസ്കൂളുകൾ എല്ലാം ഗവണ്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുകതന്നെവേണം. അടുത്തകാലത്തുണ്ടായ അതിഭയങ്കരമായ ആ സംഭവം, ഈ സഭയിൽതന്നെ റിപ്പോർട്ടുചെയ്ത ആ കാര്യം, നമുക്ക് വിസ്മരിക്കുന്നതല്ല. പത്തു പന്ത്രണ്ടു കുഞ്ഞുങ്ങളുടെ അകാലചരമവാർത്ത ഏറ്റവും ദുഃഖത്തോടുകൂടി അറിയുന്നതിന് ഇടയായി. ഈ ദാരുണസംഭവം നടന്നതു് ഏതെങ്കിലും ഗവണ്മെന്റു സ്കൂളുകളിൽവച്ചായിരുന്നുവെങ്കിൽ ഗവണ്മെന്റിനോടു് ഒരു ബഹുമാനമില്ലായ്മ നമുക്കു തോന്നുമായിരുന്നു. അശ്രദ്ധം സംതൃപ്തികൂടാതെ കിട്ടുന്ന ശമ്പളംകൊണ്ടുമാത്രം ക്ലേശിച്ചു കഴിഞ്ഞുകൂടുന്ന ഒരു അദ്ധ്യാപകന്റെ കീഴിൽ നമ്മുടെ ബാലവിദ്യാർത്ഥികളെ ഏൽപ്പിക്കുന്നതുകൊണ്ടു് ആശാസ്യമോ അഭിലഷണീയമോ അല്ല.

MR. M. K. NILAKANTAN (*Mavelikara cum Kunnaithur*) : ആ സ്കൂൾ വീണ്ടും കൊടുക്കാറുകൊണ്ടല്ലേ?

MR. PULIYOOR T. P. VELAYUDHAN PILLAI : ആ സ്കൂൾ എന്റെ കാൺസ്റ്റിറ്റ്വുവൻസിയിൽ ആണ്. കൊടുക്കാറുകൊണ്ടാണ് വീണതു് എന്നു് എനിക്കറിയാം. എന്നാൽ കൊടുക്കാറു് ആ താലൂക്കിൽ മാത്രമല്ല ഉണ്ടായതു്.

MR. P. U THOMAS : പറവൂർ താലൂക്കിൽ വ്യവഹാരപരിധിയിൽ ഉള്ള ഗവണ്മെന്റു പള്ളിക്കൂടം കൊടുക്കാറുകൊണ്ടു് വീണതായി മെംബർക്കു് അറിയാമോ?

MR. PULIYOOR T. P. VELAYUDHAN PILLAI : എനിക്കറിഞ്ഞുകൂടാ. അങ്ങനെ വീണിട്ടുണ്ടെങ്കിൽ ആ കാര്യത്തിലും ഗവണ്മെന്റു ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം.

സർ, ഈ കമ്മിറ്റി അവഗാഢമായി ആലോചിച്ചതിന്റെ ഫലമായി പ്രൈവറ്റു സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ശതമാനം ഗ്രാന്റു ഗവണ്മെന്റുകൊടുക്കണമെന്നു ശ്രീ പാർശ്വ ചെയ്യുന്നതുകൊണ്ടു ഒരു തീരുമാനത്തിലെത്തിച്ചേർന്ന സമയത്തുതന്നെ ബാക്കിയുള്ള രണ്ടു ശതമാനംകൊടുക്കാൻ തയ്യാറില്ലാ എന്നുള്ള അഭിപ്രായം ചില മാനേജന്മാർ ഈ കമ്മിറ്റിയിൽവച്ചുതന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നു വസ്തുതകൂടി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇതിന്റെ അർത്ഥം എന്താണു? ബാക്കിയുള്ള തുകകൂടി മാനേജുമെന്റുകാർ കെട്ടുക്കണമെന്നുള്ള ഗവണ്മെന്റിന്റെ നിർദ്ദേശം സ്വീകരിച്ചു പ്രായോഗികമാക്കുന്നതിനു അവർ തയ്യാറില്ലാ എന്നാണു് ഇതു് വെളിപ്പെടുത്തുന്നതു്. അതിനാൽ ഗവണ്മെന്റിൽനിന്നും കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള രണ്ടു ശതമാനം ഗ്രാന്റു മാത്രമേ സത്യസന്ധതയോടുകൂടി പ്രവർത്തിക്കുന്ന മാനേജരന്മാർ പോലും കൊടുക്കുകയുള്ളൂ എന്നാണു് എന്റെ വിശ്വാസം. അങ്ങനെയാണെങ്കിൽ അദ്ധ്യാപകന്മാരുടെ മുഴുവൻ ശമ്പളവും ഗവണ്മെന്റിൽനിന്നും കൊടുക്കുകയാണു് നല്ലതു്. പിന്നീടു് പ്രൈവറ്റു മാനേജുമെന്റിന്റെ ആവശ്യംതന്നെ ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഗവണ്മെന്റു പ്രൈമറി സ്കൂളുകളിൽ ഉള്ള അദ്ധ്യാപകന്മാരെപോലെതന്നെ ഗ്രാന്റുസ്കൂളുകളിലുള്ള അദ്ധ്യാപകന്മാർക്കും ഗവണ്മെന്റു ശമ്പളം കൊടുക്കുന്നപക്ഷം ഗ്രാന്റുസ്കൂളുകളുടെ ആവശ്യംതന്നെ ഇല്ലാതായി തീരും. ബാലവിദ്യാർത്ഥികളുടെ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയ്ക്കും രാജ്യക്ഷേമത്തിനുംവേണ്ടി എല്ലാ പ്രൈവറ്റു സ്കൂളുകളും ഗവണ്മെന്റിന്റെ നിയന്ത്രണത്തിൽ ഏറ്റെടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

SRIMATI T. NARAYANI AMMA (*Nominated*): Sir, I support the motion without meaning any disparagement to the private managed institutions some of which are certainly doing very good work. I wish to point out that in the interests of all concerned it would certainly be well if the management of these institutions is taken over by the Government. There is no denying the fact that the working of some of these institutions have given rise to complaints as is evidenced, for instance, by the open letter addressed to the members of the Legislature to which reference has been made by the honourable member Mr. Sreedharan Pillai. Education is a field of activity in which there must be some sort of uniformity and systematic procedure and this is rendered impossible by the existing state of affairs.

And I feel that, with the schemes that the Government have in view and in view of the very generous and statesmenlike statement made by you that if seventy-five per cent of the expenditure could be met by the Government, then Government would be willing to give the 100 per cent also, it will be desirable that the manage

LIBRARY ARCHIVES Kerala Legislative Assembly

[Srimathi T. Narayani Amma.]

ment of these institutions should be taken over by the Government. The Education Re-organisation Committee has not made any specific recommendations on this subject, probably, because the committee might have thought that when all the recommendations are implemented, there would be general improvement in respect of primary education also.

Sir, while on this subject, I may be permitted and I feel it my duty, to point out, that no re-organisation report which has seen the light of day in Travancore within recent times may be said to be more important and far-reaching than the one which is under discussion now. Educational Reform is the basis of, and acts as a spur to all other reforms and the Travancore Education Reorganisation Committee has done very valuable work. Travancore is already in the vanguard of progress in regard to educational advancement and when the suggestions and recommendations of the Re-organisation Committee are implemented, the whole tempo of education will undergo such remarkable changes as will raise Travancore even higher in respect of educational ideals and achievements and in regard also to their reactions on all other important aspects of life.

I am exceedingly happy Sir, to add my humble quota of congratulation to the committee on the work done.

MR. K. R. NARAYANAN : സർ, മാനേജ്മെൻറിന്റെ കീഴിലുള്ള പ്രൈമറിസ്കൂളുകൾ ഗവണ്മെൻറ് ഏറ്റെടുക്കണമെന്നുള്ള മി. ബാലകൃഷ്ണമേനോന്റെ നിശ്ചയത്തെ ഞാൻ അപാരമായ സന്തോഷത്തോടുകൂടി പിൻതാങ്ങുന്നു. മി. മേനോന്റെ നിശ്ചയത്തെ പിൻതാങ്ങുവാനുള്ള എന്റെ ന്യായങ്ങൾ പറയുന്നതിനുമുൻപ് ഇന്നലെയും ഇന്നും ഇവിടെ നടന്ന സൂക്ഷ്മമായ വിമർശനങ്ങളുടെ മൂട്ടിൽ അല്പമൊന്നുകൂടി, സമാധാനമായും മത്സരബുദ്ധികൂടാതെയും ഈ പ്രശ്നം അഭിമുഖീകരിക്കുവാൻ ഞാൻ എല്ലാ സുഹൃത്തുക്കളോടും അഭ്യർത്ഥിക്കുന്നു. മാനേജ്മെൻറ് സ്കൂളുകൾ നടത്തുന്നത് ഒരു സമുദായത്തിൽപ്പെട്ട ആളുകൾ മാത്രമല്ല; ക്രിസ്ത്യാനികൾ, നായന്മാർ, ഈഴവർ, മഹമ്മദീയർ മുതലായ വിവിധ സമുദായങ്ങളും മാനേജ്മെൻറ്സ്കൂളുകൾ നടത്തുന്നുണ്ട്. ഇവിടെ നടന്ന വാഗ്പ്രതിവാദങ്ങളുടെ ഗതി കണ്ടാൽ ഒരു സമുദായം മാത്രമാണ് മാനേജ്മെൻറ്സ്കൂളുകൾ നടത്തുന്നതെന്നും ചിലരും ഒരു സമുദായത്തിന്റെ മാത്രമുള്ള മാനേജ്മെൻറ് സുരക്ഷിതമായി നിലനിൽക്കണമെന്നും മറുചിലരും അഭിപ്രായപ്പെടുന്നതുപോലെ, നിർബന്ധിപ്പിക്കുന്നതുപോലെ തോന്നുന്നു. പരമാർത്ഥം നേരേമറിച്ചാണ്. മാനേജർമാർ വിവിധസമുദായങ്ങളിൽ ഉണ്ട്; വിവിധമതങ്ങളിലും ഉണ്ട്. കത്തോലിക്കരാണ് കൂടുതൽ പ്രൈമറി വിദ്യാലയങ്ങൾ നടത്തുന്നതെന്നുള്ളതു ഞാൻ മറച്ചുവയ്ക്കുന്നില്ല. മറ്റു സമുദായക്കാരും ധാരാളം പള്ളിക്കൂടങ്ങൾ നടത്തുന്നുണ്ട്. ഈ പ്രശ്നം സമുദായത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്റെയും മതത്തിന്റെയും മേഖലകളിൽക്കൂടി ചിന്തിക്കുന്നതു് തികച്ചും തെറ്റാണു്. പ്രൈമറി വിദ്യാലയങ്ങളും ഗവണ്മെൻറു് ഏറ്റെടുക്കേണ്ട അവശ്യം പ്രധാനമായി ഞാൻ കേന്ദ്രീകരിക്കുന്നതു് രണ്ടു പ്രധാനകാരണങ്ങളിലാണു്. വിദ്യാലയങ്ങളും, പ്രൈമറി വിദ്യാലയങ്ങളുംമാത്രമല്ല, സർവ്വവിദ്യാലയങ്ങളും ഗവണ്മെൻറിന്റെ പരിപൂർണ്ണമായ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ആയിരിക്കണമെന്നുള്ളതു് എന്റെ അസന്ദിഗ്ദ്ധമായ അഭിപ്രായമാണു്. എന്നാൽ പ്രായോഗികതയ്ക്കുവേണ്ടിയും വലിയ കുഴപ്പങ്ങളൊന്നുംകൂടാതെയും കാര്യങ്ങൾ നടത്താനുള്ള സൗകര്യത്തിനുവേണ്ടിയും തൽക്കാലം പ്രൈമറിസ്കൂളുകൾമാത്രം ഗവണ്മെൻറു നിയന്ത്രണത്തിൽ, ഉടമസ്ഥതയിൽ, ഏറ്റെടുക്കാമെന്നാണു്, ഞാൻ ഇപ്പോൾ അഭിപ്രായപ്പെടുന്നതു്. തുടർന്നു മറ്റെല്ലാ വിദ്യാലയങ്ങളും മാത്രമല്ല, രാജ്യത്തെ കൃഷിയും വ്യവസായവുംകൂടി ഗവണ്മെൻറു നിയന്ത്രണത്തിൽ വരുത്തേണ്ടതാണു്. സാമ്പത്തികമായ ജനക്ഷേമം വീക്ഷിക്കുന്ന ഒരു ഗവണ്മെൻറിനു് ഇതെല്ലാം ദേശീയമാക്കേണ്ടതു് ഒരു കടമമാത്രമാണു്. ഇന്നല്ലെങ്കിൽ നാളെ ഞാൻ മുകളിൽ വിവരിച്ചതു മുഴുവൻ ദേശീയമാകുമെന്നു തന്നെ ഞാനും വിശ്വസിക്കുന്നു.

MR. P. K. KURIAKOSE : കച്ചവടവും ദേശീയമാക്കണമെന്നാണോ മെംബറിന്റെ അഭിപ്രായം.

MR. K. R. NARAYANAN : കച്ചവടം മാത്രമല്ല, ജനങ്ങളുടെ ഉണർത്തിനും ക്ഷേമത്തിനും വേണ്ടി ആവശ്യമുള്ളതെല്ലാം ഗവണ്മെൻറു് ഏറ്റെടുക്കണമെന്നും ഉൽപ്പാദനത്തിലും വിതരണത്തിലും ഒരു സോഷ്യലിസ്റ്റു മനോഭാവം ഗവണ്മെൻറു കാണിക്കണമെന്നുമാണു് എന്റെ അഭിപ്രായം. കൃഷിയൊ, കച്ചവടമൊ, വ്യവസായമൊ അങ്ങനെ തരംതിരിച്ചു്, ഇതുനിന്റേതു് ഇതു് എന്റേതു് എന്ന കണക്കിൽ വീതിക്കുകയല്ല. കഴിവുള്ളവരെല്ലാം കഴിവുപോലെ എടുക്കുക; അതായതു് മൊത്തത്തിൽ ഭൂമിയുടെയൊ വ്യവസായശാലകളുടെയോ അവകാശം ആക്കുന്നു പ്രത്യേകമല്ലു; എല്ലാവരും പൊതുവായി ആ വ്യവസ്ഥയിൽ "ഉള്ളവരും" "ഇല്ലാത്തവരും" എന്ന വ്യത്യാസം കാണുകയില്ല. എന്റെ ഇഡ്യൻ റൈറ്റ് പ്രസംഗവും ലാൻറു റവന്യൂ ഉപക്ഷേപത്തിലുള്ള പ്രസംഗവും എന്റെ സ്നേഹിതൻ മി. കുര്യാക്കോസ് ശ്രദ്ധിച്ചിരുന്നുവെങ്കിൽ വ്യാവസായങ്ങളും വിദ്യാലയങ്ങളും മാത്രമല്ല, ഭൂമികൂടി ഗവണ്മെൻറു് ഏറ്റെടുത്തു് സോഷ്യലിസ്റ്റു സമ്പ്രദായത്തിൽ കൃഷിനടത്തണമെന്നുള്ളതാണു് എന്റെ അഭിപ്രായമെന്നു മനസ്സിലാകുമായിരുന്നു. ഞാൻ മാത്രമല്ല, പരിഷ്കൃതലോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

കത്തെ ചിന്താശീലന്മാരായ ബഹുലക്ഷം അളുകൾ ബഹുജനങ്ങൾക്കു സുഖംവരുന്ന സോഷ്യലിസ്റ്റ് ഗവണ്മെൻറു ഭരണം സ്വപ്നം കാണുന്നവർ മാത്രമല്ല, പ്ലാൻ ചെയ്യുന്നവർക്കുടിയാണ്. ബാംബേപ്ലാൻ സാമാന്യജനങ്ങളെ അവർ അർഹിക്കുന്നവിധത്തിൽ, ആവശ്യമുള്ള വിധത്തിൽ സ്പർശിക്കുന്നില്ലെന്നുള്ളതാണ് ജവഹർലാൽനെഹ്റുവിൻെറ ഏറ്റവും വലിയ ആക്ഷേപം. ഈവിധത്തിൽ ലോകത്തിൻെറ വീക്ഷണഗതി ഒഴുകിക്കൊണ്ടിരിക്കുമ്പോൾ മി. കര്യാക്കോസിനെപ്പോലെയുള്ളവർ വിദ്യാലയങ്ങളോടും വ്യവസായശാലകളോടും വമ്പിച്ച കൃഷിസ്ഥലങ്ങളോടും ഉള്ള ഉടമസ്ഥത പ്രൈവറായി വയ്ക്കാൻ ആഗ്രഹിക്കുന്നതു് ശ്ലാഘനീയമല്ല. അതു ന്യായം പ്രതിലോമപരമാണ്. അസംഗതമായുണ്ടായ ഒരു ചോദ്യത്തിനു ഇതിനോടകം ക്രൂരതൽ മറുപടി പറയുവാൻ സമയമെടുക്കുന്നു ശരികേടോടുത്തു നിൽക്കുന്നു. വിദ്യാലയങ്ങൾക്കുവേണ്ടി എന്തുചെലവുവന്നാലും എത്രത്തോളം പ്രയാസങ്ങൾ നേരിട്ടാലും അതു് ഗവണ്മെൻറിൻെറ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ആക്കേണ്ടതാണെന്നതു കൂടെ അനുസ്മരിപ്പിച്ചു കൊള്ളുന്നു. റഷ്യയിൽ വിപ്ലവം നടന്നതിൻെറ നാലാംദിവസം വിദ്യാഭ്യാസമന്ത്രിയായിരുന്ന ലൂനാചാഴ്സ്കിയുടെ വിദ്യാഭ്യാസനിയമംമൂലം അവിടെ, എഡ്യൂക്കേഷൻ മേഖലയിലുണ്ടായ ഗുണഫലങ്ങളും പ്രസിദ്ധമാണല്ലോ.

സർ, ഈ നിശ്ചയത്തെ അനുകൂലിക്കാനുള്ള എൻെറ രണ്ടാമത്തെ കാരണം ഗ്രാൻറുസ്കൂളദ്ധ്യാപകന്മാരുടെ ശോചനീയമായ നിലയാണു. ഗ്രാൻറുസ്കൂളദ്ധ്യാപകന്മാർ എന്തുമാത്രം വിഷമിക്കുന്നുവെന്നും അവരുടെ അസോസിയേഷനിലെ അഭിപ്രായം രാജ്യത്തുള്ള പ്രൈവറ്റ്സ്കൂളുകളും എല്ലാം ഗവണ്മെൻറു് ഏറ്റെടുക്കേണ്ടതാണെന്നും, മി. ശ്രീധരൻപിള്ള ഇവിടെ വായിച്ച ലഘുലേഖയിൽനിന്നും മനസ്സിലായല്ലോ. ഈ അദ്ധ്യാപകന്മാരുടെ വിഷമത്തെയും പ്രയാസത്തെയും ഞാൻ ഇനി വർണ്ണിക്കുന്നില്ല, ആവർത്തിക്കുന്നില്ല. അവർ മരണത്തിൻെറയും ജീവിതത്തിൻെറയും മദ്ധ്യേകൂടി അങ്ങനെ ഇഴയുകയാണ്. അദ്ധ്യാപകന്മാർ ഭാവിയാം വഞ്ചിരാജ്യം കൃഷിചെയ്യാനുള്ള കർഷകരാണെന്നും അദ്ധ്യേതാക്കൾ പാവനമായ മണ്ണാണെന്നും ഒരു കവി സങ്കല്പിച്ച പാട്ടുണ്ട്. അസ്ഥിപഞ്ജരത്തിൽ ചൂടുകെട്ടി വലിക്കുന്നതുപോലെ അങ്ങോട്ടും ഇങ്ങോട്ടും ചലിക്കുന്ന ഈ ഗ്രാൻറുസ്കൂളദ്ധ്യാപകന്മാരാണോ ഈ

LIBRARY ARCHIVES Kerala Legislative Assembly

പാവനമായ മണ്ണിൽ കൃഷി ചെയ്യുണ്ടതു്. അവരെ വിശപ്പും ദാരിദ്ര്യവും അങ്ങനെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണു്. ഈ സാധുക്കൾ പാവനമായ മണ്ണിൽ കൃഷിചെയ്താൽ അതിന്റെ വിളവു് എങ്ങനെ വന്നുഭവിക്കുമെന്നു് ചിന്തിക്കുവാനുള്ള അവകാശം ആ മണ്ണിന്റെ ഉടമസ്ഥന്മാരായ നമുക്കാണു്. ആ ചുമതല നാം ശരിക്കു നിർവഹിക്കുന്നില്ലെങ്കിൽ അദ്ധ്യാപകന്മാരോടും നമ്മുടെ ഭാവി തലമുറകളോടും നാം ചെയ്യുന്ന ഒരപരാധമാണു്. സർ, ഒ ശതമാനം ഗവണ്മെന്റിൽനിന്നും ഗ്രാന്റുസ്സൂളദ്ധ്യാപകനു ശമ്പളം കൊടുക്കാമെന്നു സമ്മതിക്കുകയാണെങ്കിൽ ബാക്കിയുള്ള ൨൫ ശതമാനത്തിനുവേണ്ടി ഗവണ്മെന്റു് മുഖം ഗ്രീഷ്മകാണിക്കുന്നതു് എന്താണെന്നു എനിക്കു് ഇപ്പോഴും മനസ്സിലാകുന്നില്ല. ൨൫ ശതമാനം മാനേജരന്മാർ കൊടുക്കുമെന്നുള്ള അനുമാനം തികച്ചും അടിസ്ഥാനരഹിതമാണു്. മി. ശ്രീധരൻ പിള്ള വായിച്ച ലഘുലേഖയിൽ മാനേജരന്മാർ കൊടുക്കേണ്ട ഓഹരികൾ കൊടുക്കുന്നില്ലെന്നു് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. കിട്ടാത്തതു് കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ഗവണ്മെന്റു് മുന്നോട്ടുപോകുന്നതിനേക്കാൾ നല്ലതു് അതുകൂടി കൊടുക്കാനുള്ള ഉദാരമനഃസ്ഥിതി ഗവണ്മെന്റു് കാണിക്കുകയാണല്ലോ. എന്റെ സ്നേഹിതൻ മി. ജോസഫ് ചാഴിക്കാടൻ ഇന്നലെ ചെയ്ത പ്രസംഗത്തിൽ ഗ്രാന്റുസ്സൂളുകൾ സക്കാർ ഏറ്റെടുക്കണമെന്നു് പറയുന്നതു് ഒരു നന്ദികേടാണെന്നു വളരെ ശക്തിമത്തായി പ്രസ്താവിച്ചു. നിർഗ്ഗളമായും നിരംകുശമായും ചെയ്ത പ്രസംഗത്തിന്റെ ആവേശാധിക്യത്താൽ അങ്ങനെ ഒരു പദം വന്നുപോയി എന്നല്ലാതെ കക്ഷിത്തിക്കുട്ടി മെംബറന്മാർക്കോ സഹോദരസമുദായങ്ങൾക്കോ ഒരു വേദന ജനിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അങ്ങിനെ അദ്ദേഹം പറഞ്ഞതാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. മിഷനറിമാർ ഇവിടത്തെ വിദ്യാഭ്യാസകാര്യത്തിൽ സാരമായ സഹായങ്ങൾ ചെയ്തിട്ടുണ്ടെന്നും ആ സഹായങ്ങൾ വിദ്യാഭ്യാസലോകത്തെ ബഹുദൂരം സഹായിച്ചിട്ടുണ്ടെന്നും ആ സഹായങ്ങൾ മൂലം അനവധി സമുദായങ്ങൾ ഉൽക്കർഷം പ്രാപിച്ചിട്ടുണ്ടെന്നും ഞാൻ അനുസ്മരിക്കുന്നു. എനിക്കു് ഈ മിഷനറിമാരോടും അവരെ പ്രതിനിധീകരിക്കുന്ന സുഹൃത്തുക്കളോടും അകൈതവമായ ബഹുമാനവും കൃതജ്ഞതയും ഉണ്ടു്. അകളങ്കമായ എന്റെ ആ കൃതജ്ഞത എന്റെ സ്നേഹിതൻ മി. ചാഴിക്കാട്ടു ജോസഫ് അവരെ അറിയിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

മി: ചാഴിക്കാട്ടു ജോസഫും ആ അഭിപ്രായമുള്ള മറ്റുള്ളവരും വിദ്യാലയങ്ങൾ ഗവണ്മെൻറ് ഏറ്റെടുക്കണമെന്നു പറയുന്നവരോടും, ഏറ്റെടുക്കുമെങ്കിൽ ഗവണ്മെൻറിനോടും നന്ദിയുള്ളവരായിരിക്കേണ്ടതാണ്. ദീർഘകാലമായി ഒരു ചുമട് ഒരു സ്കൂൾ അളകൾ വച്ചിച്ചുകൊണ്ടു പോകുന്നു. ആ ഭാരം ഗവണ്മെൻറോ മറ്റു ചില വ്യക്തികളോ കൂടി വഹിക്കാമെന്നു പറയുമ്പോൾ ഭാരം ഇറക്കുന്നതുകൊണ്ടും അഥവാ ഭാരം കുറയ്ക്കുന്നതുകൊണ്ടും ഉപ്പോൾ ഭാരംവഹിച്ചിരിക്കുന്നവർക്ക് ഒരു സന്തോഷം തോന്നണമല്ലോ. മനുഷ്യസാധാരണമായ സന്തോഷം കൃതജ്ഞതയിലല്ല തെ, നന്ദിയിലല്ലാതെ മറ്റെവിടെയാണു ചെന്നു നിൽക്കുന്നു? അതുകൊണ്ട് മി. ചാഴിക്കാട്ടുജോസഫും ഈ അഭിപ്രായമുള്ള മാന്യസുഹൃത്തുക്കളും വിദ്യാലയങ്ങൾ ഏറ്റെടുക്കണമെന്നു പറയുന്നവരോട് തികച്ചും നന്ദിയുള്ളവരായിരിക്കേണ്ടവർതന്നെയാണ്. ഭാരാട്ടിതക്ക് അത്താണി ഞാനാണെന്നു കഥിച്ചു കൃപാലുവിൻറെ കാലടികളിൽക്കൂടി സഞ്ചരിക്കുന്ന സുഹൃത്തുക്കൾ ഈ വിഷയത്തിൽ സഹകരിക്കാൻവരുന്നവരോടും ഭാരം ചുമക്കാൻ ചുമതലയുള്ളവരോടും കൃതജ്ഞതകാണിച്ചില്ലെങ്കിൽ അതിൻറെ പേർ നന്ദികേടെന്നാണ്.

സർ, ഈ സന്ദർഭത്തിൽ ഒരു പ്രശ്നംകൂടി. മാനേജർമാർ പള്ളിക്കൂടങ്ങൾ നടത്തുന്നത് വിദ്യാഭ്യാസപ്രചരണത്തിനാണ്. അതുകൊണ്ട് ഭാരം ഗവണ്മെൻറ് ഏറ്റെടുക്കുമ്പോൾ വിദ്യാഭ്യാസപ്രചരണത്തിനുള്ള മാനേജുമെൻറുകളുടെ പാവനമായ ഉദ്ദേശം സംപൂർണ്ണമായി സാധിക്കും. ആ സാദ്ധ്യതയിൽ പ്രൈവറ്റുമാനേജുമെൻറിനെക്കാൾ ശക്തിയുള്ള ഗവണ്മെൻറ് ഏറ്റെടുക്കുന്നതിൽ സന്തോഷിക്കാതെ പിന്നെയും മാനേജുമെൻറ വേണമെന്നു ശഠിക്കുമ്പോൾ രണ്ടുതരത്തിലുള്ള സംശയങ്ങൾ ഉണ്ടാകുന്നു. ഒന്നുകിൽ, മാനേജുമെൻറിന് ലാഭമുണ്ടായിരിക്കണം; അല്ലെങ്കിൽ മാനേജുമെൻറിൻറെ വിദ്യാഭ്യാസപ്രചരണത്തേക്കാൾ മറ്റെന്തെങ്കിലും കൂടുതലായി ഉദ്ദേശമുണ്ടായിരിക്കണം. ഇതുരണ്ടുംശരിയല്ലല്ലോ. അതുരണ്ടുമല്ലെങ്കിൽ വിദ്യാഭ്യാസപ്രചരണം മാത്രമാണ് ഉദ്ദേശമെങ്കിൽ, പള്ളിക്കൂടങ്ങൾ ഗവണ്മെൻറിനെ ഏല്പിച്ച് ശുദ്ധമായ ഹൃദയത്തോടുകൂടി ആ പ്രസ്ഥാനത്തിൻറെ പുരോഗമനത്തിനുവേണ്ടി സഹായിക്കേണ്ടതാണ്. അതു ചെയ്യുന്നില്ലെങ്കിൽ ആ ഉദ്ദേശത്തെ സകാരണം ശോഭ്യം ചെയ്യേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

MR. PULIYOOR T. P. VELAYUDHAN PILLAI : മി. നേശമണിയും, മി. മാത്യൂവും കൂടി നിശ്ചയത്തെ അനുകൂലിച്ചുയ്ക്കുമെന്നുക്കു അറിഞ്ഞുകൂടേ?

MR. K. R. NARAYANAN : മി. നേശമണിയും മി. മാത്യൂവും നിശ്ചയത്തെ അനുകൂലിച്ചുയ്ക്കുമെന്നു എനിക്കറിയാം. പക്ഷെ, അനുകൂലിച്ച പ്രസംഗത്തിനകത്തു ചില പ്രയോഗങ്ങളും അവരും ചെയ്യാതിരുന്നിട്ടില്ല. എന്നാലും വിദ്യാലയങ്ങളും ഗവണ്മെന്റു ഏറ്റെടുക്കണമെന്നുള്ള വിശാലവീക്ഷണഗതിയെ അവർ പിൻതാങ്ങുകതന്നെ ചെയ്തു. അതു എന്റെന്യായങ്ങളേയും മി. മേനവന്റെ നിശ്ചയത്തേയും കുറച്ചധികം സഹായിക്കുകയും ദൃഢീകരിക്കുകയുംചെയ്തു. വിദ്യാലയങ്ങളും ഏറ്റെടുക്കുന്നകാര്യത്തിൽ വരാവുന്ന വമ്പിച്ച ചെലവു തീർച്ചയായും ഗുരുതരമായ ഒരു പ്രശ്നമാണു. ൬൫ ശതമാനം കൊടുക്കാൻ തീർച്ചയാക്കിയ ഗവണ്മെന്റു ൭൫ ശതമാനംകൂടി കൊടുത്തു മുഴുവൻ ചുമതലയും ഏറ്റുകൊവാനുള്ള സന്മനസ്സും സന്നദ്ധതയും പ്രദർശിപ്പിക്കണം. എന്നാൽ, ഈ വിഷയത്തിൽ ഗവണ്മെൻറിനു പണം പോരാതെ വന്നാൽ എഡ്യൂക്കേഷൻസെസു ഏർപ്പെടുത്തിയാലും തരക്കേടില്ല. ഒരു കാര്യം നല്ലതാണെങ്കിൽ, പൊതുജനങ്ങൾക്കു ഗുണകരമാണെങ്കിൽ, പണം എങ്ങനെ ഉണ്ടാക്കുമെന്നുള്ളതു ഒരു പ്രശ്നമല്ല.

MR. P. O. THOMAS : ഇവരുടെ ശമ്പളംമാത്രം കൂട്ടിയാൽ പോരാ കെട്ടിടങ്ങളും ഉപകരണങ്ങളുംകൂടി വേണമെന്നു മെമ്പർക്കറിഞ്ഞുകൂടേ?

MR. K. R. NARAYANAN: എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുൻപു് എന്റെ സ്നേഹിതൻ ഇങ്ങനെ ചോദിക്കുന്നതു കുറച്ചു ധൃതഗതിയായിപ്പോയി. ആ ഭാഗംകൂടി സ്പർശിക്കാതെ ഞാൻ പ്രസംഗം നിറുത്തിയാൽ അതു അപൂർണ്ണമാകുമെന്നു എനിക്കറിയാം. പ്രസംഗത്തിലുള്ള ആ അപൂർണ്ണത—പ്രധാനപ്പെട്ട അപൂർണ്ണത—മുഴുനിൽക്കുകയും ചെയ്യും. നമുക്കു ഒന്നാമതായിട്ടു കെട്ടിടത്തിന്റെ കാര്യംതന്നെ എടുക്കാം. വിദ്യാലയങ്ങളും ഗവണ്മെൻറു ഏറ്റെടുക്കുമ്പോൾ, നിർബന്ധവിദ്യാഭ്യാസം നടപ്പാക്കുമ്പോൾ, നമുക്കു അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

വധി വിദ്യാലയങ്ങൾ ഉണ്ടാകണം. ഇന്നുള്ള ഗ്രാൻറ്സ്കൂളിലധികവും ഒരു സമുദായക്കാരുടെ പണം കൊണ്ടുമാത്രം പണികഴിപ്പിച്ചിട്ടുള്ളതല്ല. ഏതെങ്കിലും ഒരു കരയിലെ ഒരു പ്രമാണി പള്ളിക്കൂടം ഉണ്ടാക്കണമെന്നു അഗ്രഹിക്കയും മറ്റു സമുദായങ്ങളോടുകൂടി ആലോചിക്കയും അവർക്കുടി സഹകരിക്കയും, കഴിയുന്നതു സംഭാവന ചെയ്യുകയും ഈ നിലയിൽ പള്ളിക്കൂടങ്ങൾ ഉണ്ടാകയും മറുമാണ് പല സ്ഥലങ്ങളിലും ചെയ്തിട്ടുള്ളതു്. എന്നാൽ ചില വ്യത്യസ്തങ്ങളും കണ്ടേക്കാം. നായർസർവീസുസൊസൈറ്റി പെരിനാട്ട് ഉണ്ടാക്കിയിരിക്കുന്ന സ്കൂളിനു് ഒരു നല്ല സംഖ്യ ഇഴുഴ ർ സംഭാവന ചെയ്തു. പ്രൊഫസർ ദേവീവിലാസം സ്കൂളിനു് ഒരു നല്ലഭാഗവും സംഭാവനചെയ്തതു് ഈഴവരാണു്. എന്റെ അടുത്തുള്ള ചില മാനേജുമെൻറുസ്കൂളുകൾക്കു് പല സമുദായങ്ങളും സഹായം ചെയ്തിട്ടുണ്ടു്; ഞാനും ചെയ്തിട്ടുണ്ടു്. ഈ സ്കൂളുകളെല്ലാം മാനേജരന്മാർ വിദ്യാഭ്യാസമതകൊണ്ടു് ഗവണ്മെൻറിനെ ഏൽപ്പിക്കുമെന്നതന്നെയാണു് എന്റെ ദൃഢമായ വിശ്വാസം. സേവനനിരതന്മാരാണു് മാനേജരന്മാർ എങ്കിൽ, വിദ്യാഭ്യാസപ്രചാരം മാത്രമാണു് അവരുടെ ലക്ഷ്യം എങ്കിൽ, അവർ അങ്ങനെതന്നെ ചെയ്യും. ഫലം വരുന്നതിനുമുൻപു് അവരെ സംശയിക്കുന്നതു ശരിയല്ല. ഏതെങ്കിലും മാനേജുമെൻറുകാർ കെട്ടിടങ്ങളും ഉപകരണങ്ങളും ഗവണ്മെൻറിനെ ഏൽപ്പിക്കുന്നില്ലെങ്കിൽ മൂന്നുവിധത്തിൽ ഗവണ്മെൻറിനു് പരിഹാരം ഉണ്ടാക്കാം. ഒന്നാമതു്, ഈ കെട്ടിടങ്ങൾ തവണകളിലായി വില കൊടുക്കത്തക്കവിധത്തിൽ ഗവണ്മെൻറു് എടുക്കണം. അല്ലെങ്കിൽ വാടകക്കു് എടുക്കണം. ഇതു രണ്ടും സാധിച്ചില്ലെങ്കിൽ കെട്ടിടങ്ങൾ പുതുതായി പണികഴിക്കണം. കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ടാക്കാനുള്ള പ്രയാസംകൊണ്ടു് വിദ്യാലയങ്ങൾ നാഷണലൈസുചെയ്യുന്ന പുരോഗമനപാതയിൽനിന്നും പുറംതിരിയരുതു്. കെട്ടിടമുണ്ടാക്കുന്ന കാര്യത്തിൽ ഒരു നിർദ്ദേശം എനിക്കു ഗവണ്മെൻറിനു തരാനുണ്ടു്. നമ്മുടെ കെട്ടിടങ്ങൾ ആവശ്യത്തിനുമാത്രം ബലവും ഭംഗിയും ഉണ്ടായിരിക്കണമെന്നല്ലാതെ ആവശ്യത്തിൽ കവിഞ്ഞ ഉദ്യാനങ്ങളോടുകൂടിയ രമ്യഹർമ്മ്യങ്ങൾ വേണമെന്നു എനിക്കഭിപ്രായമില്ല. കാറുത്തു മറിഞ്ഞു വീഴാത്ത ഉറപ്പു്, കാറടി ഏൽക്കാത്ത ഭിത്തി, ഈർപ്പമില്ലാത്ത തറ, ഈ വിധത്തിൽ മുടക്കിയ ചെലവോടുകൂടിയ രീതിയിൽ ഉള്ളതായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. അങ്ങനെ ചെയ്യാൽ ഒരു വിദ്യാലയത്തിന് ഇപ്പോൾ ഉപയോഗിക്കുന്ന വമ്പിച്ച സംഖ്യകൊണ്ട് രണ്ടുമൂന്ന് വിദ്യാലയങ്ങൾക്ക് ഉപയോഗിക്കാം. ഉപകരണത്തിന്റെ കാര്യത്തിലും എനിക്ക് ഒരു നിർദ്ദേശമുണ്ട്. ബെഞ്ചുകളും കസേരകളും പ്രൈമറി സ്കൂളുകളിൽ വേണമെന്ന് എനിക്കഭിപ്രായമില്ല. മഹാകവി ടാഗോറിന്റെ ശാന്തിനികേതനത്തിൽ ശീതളഛായ തരുന്ന മരത്തിന്റെ ചുവട്ടിൽ ഉള്ള പുൽത്തകിടിയിൽ ഇരുന്ന് അദ്ധ്യാപകന്മാർ വിദ്യാർത്ഥികളെ പഠിപ്പിക്കാറുണ്ടെന്ന് ഞാൻ വായിച്ചിട്ടുണ്ട്. നമ്മുടെ പുരാതനഗുരുകുലവാസത്തിന്റെ ഛായയും ഏതാണ്ട് ഇതുതന്നെയാണ്. ചെലവു ചുരുങ്ങിയ ഈ വിദ്യാഭ്യാസപദ്ധതിയിലേക്ക് നമുക്കൊന്നു പോയിക്കൂടേ? നമ്മുടെ വിദ്യാലയങ്ങളോടെല്ലാം അനുബന്ധമായി വായനശാലകളും ഉണ്ടായിരിക്കണം. വിദ്യാഭ്യാസകാലത്തുണ്ടാകുന്ന കടവുകളെ പരിഹരിക്കാൻ ഈ വായനശാലകൾ വിദ്യാർത്ഥികളെ ബഹുമാനം സഹായിക്കുന്നതാണ്. കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയും ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയും ഉപയോഗിക്കേണ്ടിവരുന്ന വമ്പിച്ച സംഖ്യ ഇങ്ങനെ വിനിയോഗിച്ചാൽ, ആ വഴിവരുന്ന മിച്ചംകൂടി അദ്ധ്യാപകന്റെ ശമ്പളത്തിൽ കൊള്ളിക്കാം.

സർ, എന്റെ പ്രസംഗം ഞാൻ ഉപസംഹരിക്കാം. വിദ്യാലയങ്ങൾ ഗവണ്മെന്റ് ഏറ്റെടുക്കണമെന്നുള്ള പരമപ്രധാനമായ കാര്യം കൊണ്ടും ഗ്രാന്റുസ്കൂളദ്ധ്യാപകന്മാരുടെ ഇന്നത്തെ ശോചനീയമായ നില മാറുവാൻ ഇതല്ലാതെ പ്രായോഗികമായ ഒരു മാർഗ്ഗവും എനിക്കു നിർദ്ദേശിക്കാൻ ഇല്ലാത്തതുകൊണ്ടുമാണ് ഞാൻ മി. ബാലകൃഷ്ണമേനോന്റെ പ്രമേയം പിൻതാങ്ങുന്നത്.

MR. T. K. NARAYANA PILLAI: Sir, it is extremely unfortunate that the discussion in this House has taken a bitter turn. No useful purpose will be served by creating bitterness. We have to consider this question from the large stand point of public utility, and when so considered, I have no manner of doubt that I have to support Mr. Balakrishna Menon's motion.

Sir, I definitely hold the view that the non-officials must exercise pressure upon the Government for nationalization of public utility services, and when the Government themselves evince a desire to nationalise certain public utility services, we on this side of the House will be failing in our duty if we say that that shall not be done.

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai]

On that ground, I welcome Mr. Balakrishna Menon's motion and I support him.

Apart from this, there is one reason which weighs very strongly with me and that is the condition of several grant-in-aid schools in my own constituency and in several parts of South Travancore. Barring a few schools which are under the immediate supervision of Christian Missionaries, most of the grant-in-aid schools are in a deplorable condition as has been pointed out again and again in this House. Some of the schools are located in insanitary places. Some are in shabby buildings; some are in dangerous buildings; some are ill-manned and in most of the schools the teachers are under-paid. Instruction given in most of the schools is poor in quality. On this there can be no manner of doubt and if my opinion is sought, I have no hesitation to say that it is so. It is a disgrace to the State that these schools should be allowed to function as they are now doing. But that means no disparagement at all to the great zeal with which several schools are being conducted by some Christian Missionaries. I have myself been the recipient of education for some time in a London Mission Society school and at this distance of time I can look back with utmost gratitude towards the work which that school has done.

I refer to the London Mission school at Martandam which is no longer functioning. There have been a set of teachers in that school who have been doing their work with utmost Missionary zeal so much so that the non-Christian students in that school never felt that they were getting a different treatment from that afforded to the Christian boys. But that question is absolutely irrelevant when considering the main question whether the primary schools in the State must be nationalised and must be taken over by the Government. The thing that must weigh with us is the utility to the State as a whole. No doubt when such a measure is undertaken some section of the people must suffer and there is the inevitability of some section of managements also suffering. Considering the services which they have done in the past, it is of course unfortunate that they should be put to such suffering, but we have to make a decision and decide upon something which is certain and definite and which is of an undoubted advantage to the State as a whole. On these grounds, I have no hesitation to support the motion of Mr. Balakrishna Menon.

MR. PULIYOOR T. P. VELAYUDHAN PILLAI: മാനേജ്മെന്റിനെ 'suffering' ഉണ്ടെന്നു പറഞ്ഞല്ലോ, ജനവിഭാഗത്തിന്റെ 'suffering' അല്ലേ കൂടുതൽ പ്രായോഗികമായിട്ടുള്ളത്?

MR. T. K. NARAYANA PILLAI: I do not exactly comprehend the

LIBRARY ARCHIVES Kerala Legislative Assembly

